II ഇ.ബി.XIV-കേരള നിയമസഭ/X-16

# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 മാർച്ച് 22, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

48 (*451) രജിസ്ട്രേഷൻ ഇല്ലാതെ നികുതി പിരിക്കുന്ന വ്യാപാരികൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണമെന്ന വ്യവസ്ഥയോടെയാണ് ജി.എസ്.ടി. നിയമം നടപ്പിലായതെങ്കിലും ചില ഉൽപ്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിന് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഈ പ്രശ്നം ജി.എസ്.ടി കൗൺസിലിൽ ഉന്നയിക്കുകയും ഇതിനായി കേന്ദ്ര സർക്കാർ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയും സംസ്ഥാന സർക്കാർ സ്ക്രീനിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നിയമ വ്യവസ്ഥകൾ പാലിക്കാത്ത

335-ഓളം ഉൽപ്പാദകരുടെയും വിൽപ്പനക്കാരുടെയും വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. 15-11-2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് നൽകുന്നതാണ്. സോഫ്റ്റ്‌വെയറിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമ്പോൾ വ്യാപാരികൾക്ക് റിട്ടേണുകൾ കൃത്യമായി സമർപ്പിക്കാനും ഇ-വേ ബിൽ വഴി വരുമാന വർദ്ധനവുണ്ടാക്കാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വ്യാപാരികൾക്ക് ലഭിക്കേണ്ട ഇൻപുട്ട് ടാക്സ് എക്സസ് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് നിലവിൽ 3,08,000 വ്യാപാരികളാണ് ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുള്ളതെന്നും ഒരു കോടി രൂപ വരെ വിറ്റുവരവുള്ള ചെറുകിട വ്യാപാരികൾ 3 മാസം കൂടുമ്പോൾ ടേണോവറിന്റെ ഒരു ശതമാനം നികുതി അടച്ചാൽ മതിയെന്നും വ്യാപാരികളുടെ ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും വാറ്റ് ഇനത്തിലുള്ള കുടിശ്ശികയുടെ പരിശോധനയും അസസ്മെന്റും പൂർത്തീകരിക്കുന്നതാണെന്നും ഇന്റലിജൻസ് സംവിധാനം മെച്ചപ്പെടുത്തി നികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

49 (*452) <u>സഹകരണ സ്ഥാപനങ്ങൾ സാധാരണ ജനങ്ങളോട് കാണിക്കുന്ന വിവേചനം</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, സാധാരണ ജനങ്ങൾക്ക് ഗുണകരമാകുന്ന വിവിധ പ്രവർത്തനങ്ങളാണ് സഹകരണ സംഘങ്ങളും ബാങ്കുകളും നടപ്പിലാക്കുന്നതെന്നും സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരികയാണെന്നും സഭയെ അറിയിച്ചു. സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി പ്രകാരം 4640.16 കോടി രൂപ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുണ്ട്. 'ഹരിതം സഹകരണം' പദ്ധതിയിലൂടെ പാരിസ്ഥിതിക പ്രാധാന്യമുള്ള നടപടികൾ സംഘടിപ്പിക്കുകയും സഹകരണ സ്ഥാപനങ്ങൾ വഴി നിത്യോപയോഗ സാധനങ്ങളും മരുന്നുകളും ന്യായവിലയ്ക്ക് ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. 'നവകേരളീയം കുടിശ്ശിക നിവാരണം 2018' എന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും ബാങ്കുകൾക്ക് അവരുടെ പൊതുനന്മ ഫണ്ട് പ്രയോജനപ്പെടുത്തി കൂടുതൽ ഇളവുകൾ നൽകാൻ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുകയും പ്രാഥമിക കാർഷിക വായ്പാ

സഹകരണ സംഘങ്ങളിൽ ഒരു ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളെയും അക്ഷയ ഊർജ്ജ സംവിധാനങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന് ANERT മായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികൾക്ക് വായ്പ നൽകുന്നതിന് പ്രാഥമിക ബാങ്കുകളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞ വിലയ്ക്ക് മലബാർ സിമന്റ് പൊതുവിപണിയിൽ ലഭ്യമാക്കുന്നതിനും വിപണനം നടത്തുന്നതിനും സംഘങ്ങളെ ഡീലർമാരായും സ്റ്റോക്കിസ്റ്റുകളായും ഏർപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൺസ്യൂമർഫെഡിലെ അഴിമതി ഇല്ലാതാക്കുന്നതിന് ഇ-ടെണ്ടർ നടപ്പാക്കുകയും ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. സഹകരണസംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന പെൻഷൻ വിതരണം നടത്തിവരുന്നുണ്ട്. വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ടെന്നും കാർഷിക വായ്പകൾ ഘട്ടംഘട്ടമായി 70 ശതമാനത്തിലേയ്ക്കെത്തിക്കാനാണ് ശ്രമിക്കുന്നതെന്നും സ്വർണ്ണപ്പണയ വായ്പാ തട്ടിപ്പുമായി ബന്ധപ്പെട്ട് 279 ബാങ്കുകളിൽ ഭൗതിക പരിശോധന

നടത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

50 (*453) <u>നോട്ടു നിരോധനം ഏൽപ്പിച്ച ആഘാതം സൃഷ്ടിച്ച പ്രതിസന്ധി</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നോട്ട് നിരോധനമടക്കമുള്ള വികലമായ നയങ്ങളുടെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും ഫലമായുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ സാമ്പത്തിക അച്ചടക്കം പാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതരവരുമാനം വർദ്ധിപ്പിച്ചും ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന് റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി നടപടി സ്വീകരിച്ചതിലൂടെ കറൻസി ക്ഷാമം ലഘൂകരിക്കുകയും കറൻസി രഹിത ധനവ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുകയും ചെയ്തു. കറൻസി പിൻവലിക്കൽ ബഡ്ജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ

ഉപയോഗപ്പെടുത്താൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കിയിട്ടുണ്ടെന്നും 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഇതിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും നടപ്പാക്കുന്ന പദ്ധതികൾക്ക് പണം ഓൺലൈനായി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ധനകമ്മി ഉയർത്താൻ സാധിക്കാത്തത് വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. ഓരോ വർഷവും ചെലവഴിക്കുന്ന പണത്തിന്റെ ഭൗതികനേട്ടങ്ങളുടെ കണക്കും നോട്ട് നിരോധനംമൂലമുള്ള പ്രത്യാഘാതങ്ങളും ഫലാധിഷ്ഠിത വികസന തന്ത്രം ആവിഷ്കരിക്കുന്നത് സംബന്ധിച്ചും സംസ്ഥാന ആസൂത്രണ ബോർഡ് പരിശോധിച്ചു വരികയാണെന്നും നോട്ടുനിരോധനം അസംഘടിത മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നും 2 ലക്ഷത്തോളം ചെറുകിട വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും ഏകദേശം 10 ലക്ഷത്തോളം പേർക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ടെന്നും സാമ്പത്തിക മാന്ദ്യം നേരിടുന്നതിനായി കിഫ്ബി വഴി 50,000 കോടി രൂപയുടെ നിക്ഷേപം നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും കോർ-ബാങ്കിംഗ് നെറ്റ്‌വർക്ക് ഉൾപ്പെടെയുള്ള ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## 51 (*454) കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ നടപ്പാക്കുന്ന ടൂറിസം വികസന പദ്ധതികൾ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ടൂറിസം വികസന പദ്ധതികളുടെ ഭാഗമായി കേരള വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ പ്രധാനപ്പെട്ട ഹോട്ടലുകൾ നവീകരിക്കുകയും ബസ്സ് ടൂർ പദ്ധതി നടപ്പാക്കുകയും തേക്കടിയിൽ 120 പേർക്ക് യാത്ര ചെയ്യാവുന്ന ബോട്ട് സർവ്വീസ് ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ദേശീയ പാതയിലൂടെയുള്ള യാത്രക്കാർക്ക് വിശ്രമിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനുമായി 'ആരാം' എന്ന പേരിൽ 11 മോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രൊഫഷണലിസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള യൂണിവേഴ്സിറ്റിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. ബിയർ വിൽപ്പനയിലെ വിറ്റുവരവൊഴിച്ച് കെ.റ്റി.ഡി.സി.-യുടെ പ്രവർത്തനലാഭം 116.23 ലക്ഷം രൂപയാണ്. മൂന്നാറിൽ കെ.റ്റി.ഡി.സി.-യുടെ ഒരു ബഡ്ജറ്റ് ഹോട്ടൽ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ടൂറിസം സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി ഡി.റ്റി.പി.സി. മുഖാന്തരം പദ്ധതികൾ നടപ്പിലാക്കുന്നതാണെന്നും വിവിധ വകുപ്പുകളുടെ കൈവശമുള്ള സ്ഥലങ്ങളിൽ അനയോജ്യമായ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തുന്നതാണെന്നും ഫോർട്ട് കൊച്ചിയിൽ പുതിയ ബോട്ട് വാങ്ങുന്നതിനായി

2 കോടി രൂപ നീക്കി വച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4605 മുതൽ 4868 വരെയുള്ള ചോദ്യങ്ങളിൽ 87 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)